
# സാഹിത്യകേദാരം

## SAHITHYA KEDARAM MALAYALAM, HALF YEARLY

Vol. No.1 Issue No.1, AUGUST, 2022 TO JANUARY, 2023.

Annual Subcription Rs. 500/-



## മലയാളം റിസേർച്ച് ജേണൽ

മലയാളവിഭാഗം

ഗവൺമെന്റ് കോളേജ് നെടുമങ്ങാട്

ആഗസ്റ്റ്, 2022 – ജനുവരി, 2023 വാല്യം 1 ലക്കം 1

# സാഹിത്യകേദാരം

മലയാളം റിസേർച്ച് ജേണൽ

ആഗസ്റ്റ് 2022 – ജനുവരി 2023

വാല്യം 1 ലക്കം 1

മലയാളവിഭാഗം
ഗവണ്മെന്റ് കോളേജ് നെടുമങ്ങാട്
തിരുവനന്തപുരം, കേരളം – 695 541

**Sahithya Kedaram**
A peer reviewed research journal of language, literature and culture
Malayalam Half Yearly

*Published in India by*
The Head of the Post Graduate Department of Malayalam,
Government College Nedumangad
Nedumangad P.O.
Thiruvananthapuram District
Kerala, India. PIN 695541
Email: gcnmalayalam@gmail.com

*Volume No.1, Issue No.1*
August, 2022 to January, 2023

*Type setting, Cover Design and printing at:*
ab Communication & Color Systems Private Ltd,
Vanchiyoor, Thiruvananthapuram
Ph: 0471 -2471174

*Typeset using* ISM fonts

Printed and published by Dr.Alex L, on behalf of The Head of the Post Graduate Department of Malayalam, Government College, Nedumangad, Thiruvananthapuram, and printed at ab Communications & Color Systems Pvt. Ltd.,T.C.25/3230 (2), Vanchiyoor, Thiruvananthapuram-695035, Kerala and Published at the Post Graduate Department of Malayalam, Government College Nedumangad, Thiruvananthapuram, Kerala-695541.
Editor Dr. Alex L

## ആമുഖം

ഭാഷാസാഹിത്യഗവേഷണമേഖലയിലെ പുതിയ കാഴ്ചപ്പാടുകളെ അറിയുന്നതിനും സൂക്ഷ്മമായ വിശകലനങ്ങളിലേയ്ക്ക് ഗവേഷകരെ സജ്ജരാക്കുന്നതിനും ആവശ്യമായ ഇടം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് നെടുമങ്ങാട് ഗവൺമെന്റ് കോളേജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സാഹിത്യകേദാരം എന്ന ഈ ജേണൽ തയ്യാറാക്കിയിട്ടുള്ളത്. മലയാള വിഭാഗത്തിന്റെ ദീർഘകാലത്തെ ആഗ്രഹത്തിന്റെ സാക്ഷാത്കാരമായി ഇപ്പോൾ ജേണലിന്റെ ഒന്നാംലക്കം പ്രകാശിതമാവുകയാണ്. ഒട്ടേറെ ജ്ഞാനപദ്ധതികളുടെ ബഹുസ്വരാത്മകമായ ഇടങ്ങളിലേക്ക് സാഹിത്യപഠനം മുന്നേറിയിട്ടുണ്ട്. കേവലമായ ആസ്വാദനം, വിവരണം, വിശകലനം, ക്രോഡീകരണം എന്നിവയിൽ നിന്നും വ്യത്യസ്തമായിട്ടുള്ള അതിസൂക്ഷ്മമായ പുതിയ വായനാനുഭവങ്ങളിലേയ്ക്ക് ജ്ഞാനവിഷയങ്ങൾ സഞ്ചരിക്കുന്നു എന്നതാണ് സമകാലികമായ സവിശേഷത. അത്തരം നൂതന ഗവേഷണങ്ങളിലേയ്ക്കും തുടർപഠനങ്ങളിലേയ്ക്കും വാതിൽ തുറക്കുന്ന മികച്ച പ്രബന്ധങ്ങളാൽ സാഹിത്യകേദാരത്തിന്റെ ഒന്നാംലക്കം സമ്പന്നമായിരിക്കുന്നു എന്നത് അഭിമാനകരമായ കാര്യമാണ്.

സാഹിത്യകേദാരത്തിന്റെ ഈ ലക്കത്തിലേക്ക് താല്പര്യപൂർവ്വം മികച്ച പ്രബന്ധങ്ങൾ തന്ന് സഹകരിച്ച ലേഖകരോടുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. നെടുമങ്ങാട് ഗവൺമെന്റ് കോളേജിലെ ജീവനക്കാരുടെയും വിദ്യാർഥികളുടെയും സജീവമായ ഇടപെടലുകൾ ഈ സന്ദർഭത്തിൽ ഓർമ്മിക്കുന്നു. കൂടുതൽ ഗൗരവപൂർണ്ണമായ വായനയ്ക്കും ചർച്ചയ്ക്കും വിധേയമാകും എന്ന പ്രതീക്ഷയോടെ സാഹിത്യകേദാരത്തിന്റെ ഒന്നാംലക്കം സഹൃദയ സമക്ഷം സമർപ്പിക്കുന്നു.

**ഡോ. അലക്സ് എൽ.**
എഡിറ്റർ

*Advisory Board:*

Dr. P K Rajasekharan
Literary Critic and Cultural Historian
Dr. C R Prasad
Professor, Dept. of Malayalam, University of Kerala
Sri. V J James
Writer
Dr. K M Venugopal
Asst. Editor, Bhashaposhini, Manorama
Sri. S R Lal
Editorial Assistant, Grandhalokam
Dr. R B Sreekala
Professor & Head, Oriental Research Institute & Manuscript Library, University of Kerala

*Editor:*

Dr. Alex L
Head of the Post Graduate Department of Malayalam, Govt. College Nedumangad

*Editorial Board:*

Dr.Dharmarajan S S
Associate Professor of Malayalam
Dr.Beenakrishnan S K
Associate Professor of Malayalam
Dr. Pramod Kumar D N
Associate Professor of Malayalam
Dr. Rajesh Kumar P S
Associate Professor of Malayalam
Dr.Deepa S S
Asst. Professor of Malayalam
Sri. Sreeraj C L
Asst. Professor of Malayalam
Dr. Susanna P Das
Asst. Professor of Malayalam
Dr.Lekshmi S
Asst. Professor of Malayalam

*Reviewed by:*

Dr. Dominic J Kattoor
Associate Professor of Malayalam, University College, Thiruvananthapuram
Dr. Naushad S.
Associate Professor, Oriental Research Institute & Manuscript Library, University of Kerala
Dr.M A Siddeek
Associate Professor, Dept.of Malayalam, University of Kerala

## ഉള്ളടക്കം


1. **പുതുകവിതയിലെ ഭാഷാകേളികൾ** 7
ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ

2. **ശരീരം, കാമന, ഭാവന: സ്വത്വത്തിന്റെ പൗരയുക്തികൾ** 19
ജി. ഉഷാകുമാരി

3. **ജാതിയെ നിരാകരിച്ച കൃപയുടെ വഴികൾ – സരസ്വതീവിജയത്തിലെ ആധുനികത** 34
ഡോ. യാക്കോബ് തോമസ്

4. **പൗരാണികതയുടെ പാരഡി എന്ന പൊളിറ്റിക്കൽട്രോൾ – വി.ജെ.ജെയിംസിന്റെ ചോരശാസ്ത്രം എന്ന നോവലിന്റെ രാഷ്ട്രീയവായന** 46
കെ. ദയാനന്ദൻ

5. **വക്രോക്തി: ധ്വനിപാരമ്പര്യത്തിന്റെ വിപരീതം** 57
ഡോ. ഷൂബ കെ. എസ്.

6. **ദേശകാലങ്ങളുടെ സാംസ്കാരികപാഠങ്ങൾ – 'സ്റ്റാച്യുപി.ഒ.' എന്ന നോവലിൽ** 63
ഡോ. കെ. റഹിം

7. **ശാസ്ത്രകഥാപ്രസ്ഥാനം – ഒരു ഓർമ്മപുതുക്കൽ: ഫ്രഞ്ച് സാഹിത്യകാരനായ ജൂൾസ്വേണിന്റെ ലോകം ചുറ്റാൻ എൺപത് ദിനങ്ങൾ എന്ന ശാസ്ത്രനോവലിനെ ആസ്പദമാക്കിയുള്ള പഠനം** 70
ഡോ. ജേക്കബ് സാംസൺ

8. **ബഷീർസാഹിത്യവും വിമർശകരും** 76
ഡോ. പി. എസ്. രാജേഷ്കുമാർ

9. **ബലിപീഠത്തിലെ രക്തതാരം – കെ.ജി.എസ്. കവിതകളിലെ കാല്പനികബോധങ്ങൾ** 81
ഡോ. ഗോപൻ ജി.

10. **കാവ്യഭാഷാപ്രതിരോധം – എസ്. ജോസഫിന്റെ കവിതകളിൽ** 95
ധന്യ പി.ഡി.

11. **ഇസ്ലാമിക ഫെമിനിസം – വ്യവഹാരവും രാഷ്ട്രീയവും** 104
സലീന എസ്.

12. **പാലയും പനയും ചുരത്തും മാതൃഭാവങ്ങൾ** 110
പ്രിയാ നാരായണൻ

13. **നഗരവും നോവൽഭാവനയും: വി. എം. ദേവദാസിന്റെ 'ചെപ്പുംപന്തും' എന്ന നോവലിന്റെ വായന** 124
മുത്തു കെ.

14. **കളിയും കാര്യവും** 131
ഡോ. ഡി. വി. അനിൽകുമാർ

15. **അപരലോകത്തെ പ്രേമഭാജനങ്ങൾ** **137**

ഡോ. സരിത കെ. ആർ.

16. **ഭാഷയുടെ ഫോക്‌ലോർവൽക്കരണം -** **147**
**അധ്വാനത്തിന്റെ നിശ്ചലതയും കൗതുകവൽക്കരണവും**

ഡോ. ബി. ആർ. സുമേഷ്

17. **നാട് നഷ്ടപ്പെട്ടവരുടെ ദീർഘനിശ്വാസങ്ങൾ** **150**

ഡോ. ബിൻസി സി.ജെ.

# പുതുകവിതയിലെ ഭാഷാകേളികൾ

**ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ**

അശ്വതി, പുതുപ്പറമ്പ് പി.ഒ., മലപ്പുറം - 676 501.

**പ്രബന്ധസംഗ്രഹം**

ഏറ്റവും പുതിയകവിതകളെ സാമാന്യമായി വിലയിരുത്താനുള്ള പരിശ്രമമാണ് ഈ പ്രബന്ധം. കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച കവിതകളെയാണ് പ്രധാനമായും ആധാരമാക്കിയിട്ടുള്ളത്. പുതുകവിതകളിലെ ഭാഷാപ്രയോഗങ്ങളുടെ സവിശേഷതയും പുതുപദനിർമിതിയും ആഖ്യാനത്തിൽ സ്വീകരിച്ച വിച്ഛേദവുമാണ് വിശകലന വിഷയം. കവിത കഥയോടടുക്കുന്നു എന്നതും ജീവിതത്തെ അതിന്റെ ആഴത്തിൽ ആവിഷ്കരിക്കുന്നു എന്നതും എടുത്തു പറയേണ്ട സവിശേഷതയാണ്. മനുഷ്യൻ എങ്ങനെയാണോ സമൂഹത്തിൽ ഇടപെടുന്നത് അതേ ഭാഷയും ശൈലിയും കവിതയിൽ പകർത്താനാണ് പുതിയകാല കവികൾ ശ്രമിക്കുന്നത്. കവിത ജീവിതത്തിൽനിന്ന് വേറിട്ട ഒന്നല്ല എന്നവർ വ്യക്തമാക്കുന്നുണ്ട്. ഭാഷാകേളിയിലൂടെ അപൂർവാനന്ദം അനുഭവിക്കുക മാത്രമല്ല അത് അനുവാചകനിലേക്ക് പകരുകകൂടി ചെയ്യുന്നു. ആലോചിച്ചുറപ്പിച്ച പദാവലികളാണ് കവികളിന്ന് പ്രയോഗിക്കുന്നത്. അതുണ്ടാക്കുന്ന അനുരണനത്തെക്കുറിച്ച് അവർക്ക് ബോധ്യവുമുണ്ട്. ആത്യന്തികമായി കവിതയെ ജീവിതത്തോടടുപ്പിക്കുകതന്നെയാണ് ഇക്കൂട്ടർ ചെയ്യുന്നത്.

**താക്കോൽവാക്കുകൾ:** ഭാഷാകേളി, നവസാങ്കേതികത, ധൈഷണികഭാഷാശാസ്ത്രം, വിച്ഛേദം, ഭാഷാവഴക്കം, യാന്ത്രികപ്രതികരണം, സത്യാനന്തരകാലം, കവിതാശില്പനിർമിതി, പുതുപദനിർമിതി, ധൈഷണികവ്യാപാരം.

# ശരീരം, കാമന, ഭാവന: സ്വത്വത്തിന്റെ പൗരയുക്തികള്

**ജി. ഉഷാകുമാരി**

അസോ. പ്രൊഫസർ, മലയാളവിഭാഗം, കെ. കെ. ടി. എം. ഗവ. കോളെജ്, പുല്ലൂറ്റ്

**പ്രബന്ധസംഗ്രഹം**

സ്ത്രീയുടെ സ്വത്വപരവും ലിംഗപരവുമായ ചരിത്ര-സാമൂഹ്യ യുക്തിയെ മുഖ്യധാരാരാഷ്ട്രീയത്തിന്റെയും അതിന്റെ തന്നെ വിലയിരുത്തലിന്റെയും പശ്ചാത്തലത്തിൽ വിശദീകരിക്കുകയാണ് പ്രബന്ധം. വ്യവസ്ഥാപിതമായ മുഖ്യധാരാരാഷ്ട്രീയ മണ്ഡലത്തിൽ അടയാളപ്പെട്ടുകയോ സ്ഥിരപ്പെട്ടുകയോ ചെയ്ത സ്ത്രീസാന്നിധ്യങ്ങൾക്ക് വിരുദ്ധമായിക്കിടക്കുന്ന അപരസ്ഥലത്തിലെ സ്ത്രീജീവിതത്തെയും പ്രതിരോധത്തെയും കുറിച്ചുള്ള അന്വേഷണം. ലിംഗാധികാരത്തിന്റെ ആഘാതം ഏറ്റുവാങ്ങുകയും അതോടൊപ്പം തന്നെ അതിനെതിരെയുള്ള നിരന്തരമായ പ്രതിരോധം ജീവിതത്തിൽ രൂപപ്പെടുത്തുകയും ചെയ്ത സ്ത്രീയുടെ ചരിത്രം എങ്ങനെയാണ് നമ്മുടെ പുരോഗമന സാമൂഹിക രാഷ്ട്രീയ ശരീരത്തിൽ അടയാളപ്പെട്ടിട്ടുള്ളത് എന്ന് പുനർവിചിന്തനം ചെയ്യുന്നു. നവോത്ഥാന പ്രസ്ഥാനചരിത്രവും സ്വാതന്ത്ര്യസമര ജീവിതവും എങ്ങനെയാണ് സ്ത്രീയെ അടയാളപ്പെടുത്തിയത് എന്നതിന്റെയും അതിനനുസൃതമായി ഏതുതരത്തിലാണ് അധികാര ഭരണകൂട പുരുഷ മേൽത്തട്ട് വ്യവസ്ഥ നിർമ്മിക്കപ്പെട്ടത് എന്നതിന്റെയും വിമർശനാത്മക വായനയാണ് പ്രബന്ധം.

**താക്കോൽവാക്കുകൾ:** കാമന, ശരീരം, രാഷ്ട്രീയം, അനാസക്തി, സ്വത്വം, പ്രതിരോധം

# ജാതിയെ നിരാകരിച്ച കൃപയുടെ വഴികൾ
## സരസ്വതീവിജയത്തിലെ ആധുനികത

**ഡോ. യാക്കോബ് തോമസ്**

അസി. പ്രൊഫസർ, കെ. കെ. ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്

**പ്രബന്ധസംഗ്രഹം**

കൊളോണിയലിസത്തിലൂടെ രൂപംകൊണ്ട കേരളീയ ആധുനികത ക്രൈസ്തവവിശ്വാസത്തിന്റെ മിഷനറി പ്രത്യയശാസ്ത്രത്തിലൂടെ ജാതിക്കുപരി ദൈവവിശ്വാസവും അതിലൂന്നിയ മാനവികതയും അവതരിപ്പിച്ചു. പത്തൊമ്പതാംനൂറ്റാണ്ടിലെ മലയാളനോവലുകളിൽ പ്രത്യക്ഷപ്പെടുന്ന മതപരിവർത്തനവും വിശ്വാസമാനങ്ങളും ഈ പുതിയ സാമൂഹികതയെയാണ് സാക്ഷ്യപ്പെടുത്തുന്നത്. സരസ്വതീവിജയമെന്ന നോവലിലെ കൃപയെന്ന സങ്കല്പം ഈ ആധുനികതയുടെ സവിശേഷമായ ദൈവബോധത്തിന്റെ ചിഹ്നമാകുന്നുവെന്ന് ഈ പഠനം നിരീക്ഷിക്കുന്നു.

**താക്കോൽവാക്കുകൾ :** ആധുനികത, കൃപ, ദൈവശാസ്ത്രം, മതപരിവർത്തനം

# പൗരാണികതയുടെ പാരഡി എന്ന പൊളിറ്റിക്കൽ ട്രോൾവി ജെ ജെയിംസിന്റെ ചോരശാസ്ത്രം എന്ന നോവലിന്റെ രാഷ്ട്രീയവായന

ദയാനന്ദൻ. കെ.

അസി. പ്രൊഫസർ, ടി എം ജി കോളെജ്, തിരൂർ

## പ്രബന്ധസംഗ്രഹം

ആധുനികതയുടെ ലോകബോധത്തെ തിരസ്ക്കരിച്ചുകൊണ്ട് തദ്ദേശസംസ്കൃതിയുടെ ബദല് സാധ്യതകളിലേക്കുള്ള അന്വേഷണം ആധുനികോത്തരഘട്ടത്തിൽ കോളനിയനന്തര ഭാവുകത്വത്തിന്റെ സ്വഭാവമായിരുന്നു. മലയാളത്തിൽ കോളനിയന്തര ഭാവുകത്വത്തിന്റെ ശക്തമായ സാന്നിധ്യമറിയിച്ച ആദ്യ രചനകളിലൊന്നാണ് ചോരശാസ്ത്രം. അതുകൊണ്ടു തന്നെ കൊളോണിയല് ജ്ഞാനനിർമ്മിതി അസ്ഥിരപ്പെടുത്തിയ പാരമ്പര്യ / നാട്ടുവിജ്ഞാന / സംസ്കൃതികളുടെ വീണ്ടെടുപ്പ് എന്ന പ്രമേയത്തിന്റെ രൂപകാവിഷ്കാരമായാണ് ഈ നോവൽ നാളിതുവരെ വായിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ വായനയുടെ ഇത്തരം ലളിത സമവാക്യങ്ങൾക്ക് വഴങ്ങാതെ ദുരൂഹതയുടെ മൂർത്തരൂപമാകുന്ന ഒരു കഥാപാത്രം ഈ നോവലിലുണ്ട്. പ്രധാന കഥാപാത്രത്തിന്റെയും പ്രമേയത്തിന്റെ തന്നെയും വിപരീത ധ്രുവം പോലെ വര്ത്തിക്കുകയാണ് ഈ നിശ്ശബ്ദ പാത്രസാന്നിധ്യം. കാന്തിക സ്വഭാവമുള്ള ഈ വായനാകേന്ദ്രം ചോരശാസ്ത്രത്തെ കേവലമായ അന്യാപദേശത്തിന്റെ പതിവ് രൂപത്തിൽ നിന്ന് ഉയർത്തി അതിന് രാഷ്ട്രീയമാനങ്ങൾ നൽകുന്നുണ്ട്. ചോരശാസ്ത്രം സൂക്ഷ്മാർത്ഥത്തിൽ ഒരു രാഷ്ട്രീയ നോവലാണെന്ന വാദം അവതരിപ്പിക്കുന്ന ഈ ലേഖനം, തൊണ്ണൂറുകൾക്ക് ശേഷമുള്ള ഇന്ത്യൻ രാഷ്ട്രീയത്തെ പൗരാണികതയുടെ പാരഡിവൽക്കരണത്തിലൂടെ തീവ്രവും സൂക്ഷ്മവുമായി അവതരിപ്പിക്കുന്ന രാഷ്ട്രീയ ഉപഹാസപാഠം (Political satire) എന്ന നിലയിൽ ചോരശാസ്ത്രത്തെ പുനർവായിക്കുന്നു.

**താക്കോൽവാക്കുകൾ:** കൊളോണിയൽ ആധുനികത. കോളനിയനന്തര വാദം, വൈറ്റ്മാൻസ് ബർഡൻ, സറ്റയർ,പാരഡി, യൂറോ സെൻട്രിക് ലോകബോധം, പുനർവായന

# വക്രോക്തി: ധ്വനിപാരമ്പര്യത്തിന്റെ വിപരീതം

**ഡോ. ഷൂബാ കെ. എസ്**

അസോ. പ്രൊഫസർ, മലയാളവിഭാഗം, വിമൻസ് കോളേജ്, തിരുവനന്തപുരം.

**പ്രബന്ധസംഗ്രഹം**

വക്രോക്തിയുടെ വിഭാഗങ്ങൾ പുതിയ ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുന്നു. ധ്വനിസിദ്ധാന്ത പാഠശാലയിൽ നിന്നും വക്രോക്തിസിദ്ധാന്തം എങ്ങനെ വ്യത്യസ്തമാകുന്നു എന്ന അന്വേഷണം.

**താക്കോൽവാക്കുകൾ:** വക്രോക്തി, ധ്വനി, രമണൻ, യേശു, കൃഷ്ണൻ, വായന, അഭിധ, കുന്തകൻ

# ദേശകാലങ്ങളുടെ സാംസ്കാരികപാഠങ്ങൾ സ്റ്റാച്യു പി.ഒ. എന്ന നോവലിൽ


**ഡോ. കെ. റഹിം**

അസി. പ്രൊഫസർ, ഗവ. വിമൻസ് കോളെജ്, തിരുവനന്തപുരം



**പ്രബന്ധസംഗ്രഹം**

സമകാല മലയാളനോവലിന്റെ പരീക്ഷണാത്മകവും സവിശേഷവുമായ ആവിഷ്കാരമാണ് എസ് ആർ ലാലിന്റെ സ്റ്റാച്യു പി ഒ എന്ന നോവൽ. 1994 മുതൽ 2015 വരെ നീണ്ടുനിൽക്കുന്ന തിരുവനന്തപുരം നഗരത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രത്തെയും അനുഭവത്തെയും ഭാവനാത്മകമായി ആവിഷ്കരിക്കുകയാണ് ഈ നോവലിൽ. 1990-കളിൽ തിരുവനന്തപുരത്ത് നിലനിന്നിരുന്ന സാഹിത്യ-സാംസ്കാരിക കൂട്ടായ്മകളുടെ പ്രധാനപ്പെട്ട ഇടമായിരുന്നു ലോഡ്ജുകൾ. ലോഡ്ജ് എന്ന പൊതു ഇടത്തിൽ നിന്ന് ഫ്ലാറ്റ് എന്ന സ്വകാര്യ ഇടത്തിലേക്കുള്ള നഗരത്തിന്റെ പരിണാമമാണ് നോവലിൽ ആവിഷ്കൃതമാകുന്നത്. നഗരം വളരുകയും ആഗോളവൽക്കരണത്തിന്റെ കടന്നുവരവോടെ ജീവിത സങ്കല്പങ്ങളിലും സാംസ്കാരിക സമീപനങ്ങളിലും മാറ്റം വരുകയും ചെയ്യുന്നത് നോവലിൽ ക്രമാനുഗതമായി അവതരിപ്പിക്കുന്നുണ്ട്. ഒടുവിൽ സ്റ്റാച്യുലോഡ്ജ് പൊളിച്ചുമാറ്റുകയും അവിടെ വലിയ ഫ്ലാറ്റ് പണിയുകയും ചെയ്യുമ്പോൾ ഒരു കാലത്തിന്റെ സാമൂഹിക-സാംസ്കാരിക സ്പന്ദനങ്ങളുടെ ചരിത്രം തന്നെ വിസ്മൃതിയിലാവുകയാണ്. പുരോഗമനാത്മകവും ക്രിയാത്മകവുമായ ഒരു സാമൂഹിക പരിസരം സൃഷ്ടിക്കുന്നതിൽ അന്നത്തെ ലോഡ്ജുകളിൽ പൂത്തുലഞ്ഞ സാഹിത്യ സൗഹൃദക്കൂട്ടായ്മകൾക്കും ചർച്ചകൾക്കും കഴിഞ്ഞിരുന്നു. ഇന്ന് അത്തരം പൊതുഇടങ്ങൾ ഇല്ലാതാവുകയും മനുഷ്യൻ അവനവനിലേക്ക് ചുരുങ്ങുകയും ചെയ്യുന്ന കമ്പോള കാലത്തിൽ എത്തിനിൽക്കുകയാണ് എന്നും നോവലിസ്റ്റ് ധ്വനിപ്പിക്കുന്നു. ആഗോളവൽക്കരണവും അത് സൃഷ്ടിച്ച സാമൂഹിക-രാഷ്ട്രീയ പരിണാമങ്ങളും കേരളത്തിന്റെ പൊതുബോധത്തിലും ജീവിത വീക്ഷണത്തിലും വരുത്തിത്തീർക്കുന്ന മാറ്റത്തെ 'സ്റ്റാച്യു പി ഓ' എന്ന നോവൽ അടയാളപ്പെടുത്തുന്നു.



**താക്കോൽവാക്കുകൾ:** സാംസ്കാരിക പാഠം, സത്യാനന്തര കാലം, ശിഥില രൂപങ്ങൾ

# ശാസ്ത്രകഥാപ്രസ്ഥാനം - ഒരു ഓർമ്മ പുതുക്കൽ

## ഫ്രഞ്ച് സാഹിത്യകാരനായ ജൂൾസ്വേണിന്റെ ലോകം ചുറ്റാൻ എൺപത് ദിനങ്ങൾ എന്ന ശാസ്ത്ര നോവലിനെ ആസ്പദമാക്കിയുള്ള പഠനം

**ഡോ. ജേക്കബ് സാംസൺ**

നന്ദനം, പടിഞ്ഞാറ്റിൽ ലെയിൻ, മെഡിക്കൽ കോളേജ് പി. ഒ.തിരുവനന്തപുരം.

### പ്രബന്ധസംഗ്രഹം

ശാസ്ത്രസത്യങ്ങൾ ജനങ്ങളിലെത്തിക്കാൻ ജീവിതം ഉഴിഞ്ഞുവച്ച പതിനെട്ടാംനൂറ്റാണ്ടിലെ ഫ്രഞ്ച്സാഹിത്യകാരനായ ജൂൾസ് വേൺ ശാസ്ത്രകഥാപ്രസ്ഥാനത്തിന്റെ പിതാവായാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ "ലോകം ചുറ്റാൻ 80 ദിനങ്ങൾ "എന്ന നോവലാകട്ടെ ഏറ്റവുമധികം വായിക്കപ്പെടുന്ന ലോകക്ലാസിക്കുകളിൽ ഒന്നാണ്. അന്ധവിശ്വാസങ്ങൾ അരങ്ങുവാഴുന്ന ഈ കാലഘട്ടത്തിൽ ഉത്തമ ലക്ഷ്യത്തോടെ രചിക്കപ്പെട്ട ഈ പുസ്തകത്തേയും ശാസ്ത്രകഥാപ്രസ്ഥാനത്തേയും കുറിച്ചുള്ള ഓർമ്മപുതുക്കുകയാണ്, ഇവിടെ. സമയത്തിനെതിരെ നെട്ടോട്ടമോടുന്ന ഒരു മനുഷ്യന്റെ ഈ കഥയ്ക്ക് എന്നും പ്രസക്തിയുണ്ട്. വാസ്തവത്തിൽ സമയത്തിനെതിരേയുള്ള ഓട്ടമാണല്ലോ എല്ലാ മനുഷ്യരുടെയും ജീവിതം. ഒരു നോവലിൽ എന്തൊക്കെ വേണം? അവ എങ്ങനെ ഉൾക്കൊള്ളിക്കണം? എങ്ങനെ തുടങ്ങണം? എങ്ങനെ മുന്നോട്ടു പോകണം? എങ്ങനെ അവസാനിപ്പിക്കണം? വായനക്കാരന്റെ മനസിൽ എന്താണ് അവശേഷിപ്പിക്കേണ്ടത്? കാലവും ദേശവും മാറുമ്പോൾ ആസ്വാദനക്ഷമതയെ അത് എങ്ങനെ ബാധിക്കും? ഈദൃശമായ എല്ലാ സംശയങ്ങൾക്കും വ്യക്തമായഉത്തരം നല്കുന്ന ഈ കൃതിയുടെ പഠനം നോവൽ രചനയുടെ മർമ്മം അറിയാൻ ആഗ്രഹിക്കുന്നവർക്ക് ഒരു വഴികാട്ടിയാണ്.

**താക്കോൽവാക്കുകൾ:** സമയനിഷ്ഠ, സമചിത്തത, വിശ്വസ്തത

# ബഷീർസാഹിത്യവും വിമർശകരും

**ഡോ. പി. എസ്. രാജേഷ് കുമാർ**

അസ്സോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളേജ്, നെടുമങ്ങാട്

**പ്രബന്ധസംഗ്രഹം**

മലയാളത്തിലെ നവോത്ഥാന എഴുത്തുകാരിൽ ഒന്നാമനാണ് വൈക്കം മുഹമ്മദ് ബഷീർ. എന്നാൽ മലയാളവിമർശനം അദ്ദേഹത്തെ ശരിയായി അടയാളപ്പെടുത്തിയിട്ടില്ല. ബഷീറിന്റെ ജനകീയസാഹിത്യത്തെയും കലയെയും മലയാളനിരൂപകർ എങ്ങനെയാണ് വിലയിരുത്തിയത് എന്നതിലേക്കുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ:** മലയാളനോവൽ, ചെറുകഥ, ആദ്യകാലം, നവോത്ഥാനം, ആധുനികം, ഉത്തരാധുനികം, ജനകീയസാഹിത്യം, സ്വാതന്ത്ര്യം, സഞ്ചാരം, രചനാതന്ത്രം, ഭാഷ, മനുഷ്യജീവിതം.

# ബലിപീഠത്തിലെ രക്തതാരം

# കെ.ജി.എസ്. കവിതകളിലെ കാല്പനിക ബോധങ്ങൾ

**ഡോ. ഗോപൻ ജി.**

എച്ച്.എച്ച്.എസ്.റ്റി., ഗവ. ഹയർ സെക്കന്ററി സ്കൂൾ, മൊഗ്രാൽ, പുത്തൂർ

**പ്രബന്ധസംഗ്രഹം**

കെ.ജി.ശങ്കരപ്പിള്ളയുടെ കവിതകളിലെ ആത്മനിഷ്ഠസ്വഭാവത്തെക്കുറിച്ചുള്ള അന്വേഷണമാണ് പ്രബന്ധം. കവിത സാമൂഹികജീവിതാവസ്ഥകളോട് സന്ധി ചെയ്യപ്പെടേണ്ട ഒന്നല്ല എന്ന ബോധ്യം കൃത്യമായി തന്റെ കവിതാന്തരീക്ഷത്തിൽ കെ.ജി.എസ്. അടയാളപ്പെടുത്തുന്നുണ്ട്. നിലവിലിരിക്കുന്ന സാമൂഹികക്രമത്തിൽ മാറ്റം വരുത്താൻ തീവ്രമായി ആഗ്രഹിക്കുന്ന കവി കെ.ജി.എസിൽ ദൃശ്യമാണ്. അപ്പോഴും കാല്പനികാന്തരീക്ഷത്തിന്റെ സ്വാധീനത്തിൽനിന്നും മുക്തമല്ല എന്നു കാണാം. കെ.ജി.എസിൽ കാല്പനിക ആത്മനിഷ്ഠത എന്നത് കേവലം വൈയക്തികബോധത്തിനുള്ളിൽ ബന്ധിതമല്ല, അത് വ്യക്തിസമൂഹവുമായി സംഘർഷപ്പെട്ടുകൊണ്ട് അനുഭവപ്പെടുന്ന ക്രിയാത്മകമായ പുതുനിർമ്മാണമാണ്.

**താക്കോൽവാക്കുകൾ:** ആത്മനിഷ്ഠത, വൈയക്തികത, കാൽപ്പനികത

# കാവ്യഭാഷാപ്രതിരോധം

# എസ്. ജോസഫിന്റെ കവിതകളിൽ

**ധന്യ. പി. ഡി.**

അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, കെ കെ ടി എം ഗവ. കോളേജ്, പുല്ലൂറ്റ്

**പ്രബന്ധസംഗ്രഹം**

ആധുനികാനന്തര സാഹിത്യസമീപനങ്ങൾ പ്രാന്തവൽക്കരിക്കപ്പെട്ട ജീവിതങ്ങളെ മുഖ്യധാരയിലെത്തിക്കാനുള്ള ശ്രമങ്ങളോട് ഐക്യപ്പെടുന്നതായി തിരിച്ചറിയപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി പ്രകൃതി, സ്ത്രീ, കീഴാളർ എന്നീ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെയാകെ അഭിസംബോധന ചെയ്യുന്നുണ്ട് ഇന്നത്തെ സാഹിത്യം. ഓരത്തേയ്ക്ക് തള്ളപ്പെട്ടവരുടെ പ്രതിരോധശ്രമങ്ങൾ എന്നനിലയിൽ സ്ഥാപനവൽക്കരിക്കപ്പെട്ട ആദർശങ്ങളെയും വ്യവസ്ഥാപിത ജ്ഞാനസങ്കല്പങ്ങളെയും ചോദ്യംചെയ്യുന്ന ഒരു സംവാദസ്ഥാനമായി സമകാലികസാഹിത്യം മാറുന്നു. ഇന്നിന്റെ ചരിത്രസാഹചര്യങ്ങളോട് സംവദിച്ചും കാലത്തിന്റെ മാറ്റത്തെ സ്വാംശീകരിച്ചും സമകാലികകവിത മലയാളസാഹിത്യത്തിലെ അപ്രതിരോധസാന്നിധ്യമാകുന്നു. പ്രമേയം, രൂപം, കാവ്യഭാഷ, കർതൃത്വസങ്കല്പം തുടങ്ങിയവയിലെല്ലാം പരമ്പരാഗതരീതികളുടെ അതിലംഘനം നടത്തിക്കൊണ്ട് സ്വയംപുതുക്കലിന്റെ വഴിയെ സഞ്ചരിക്കുകയാണ് പുതുകവിത. സംവേദനത്തിന്റെ സൂക്ഷ്മതലങ്ങളിൽ എസ്.ജോസഫിന്റെ കവിത മുന്നോട്ടുവച്ച വൈവിധ്യങ്ങളുടെ സജീവതയാണ് ലേഖനത്തിന്റെ അന്വേഷണവിഷയം. വരേണ്യവൽകൃതകാവ്യഭാഷ എന്ന സങ്കൽപ്പത്തെ തകർത്തുകൊണ്ടാണ് നാട്ടുമൊഴികളുടെ സൗന്ദര്യത്തെ ജോസഫ് കവിതയിലേക്ക് എത്തിച്ചത്. സാധാരണ വ്യവഹാരഭാഷയിലെ പദങ്ങൾ കവിതയിലേക്ക് കൊണ്ടുവരുന്നതിലൂടെ കാവ്യഭാഷയെ സംബന്ധിച്ച യാഥാസ്ഥിതിക മനോഭാവത്തെ തന്നെയാണ് കവി തകർക്കുന്നത്

**താക്കോൽവാക്കുകൾ:** കീഴാളസ്വത്വനിർമ്മിതി, കാവ്യഭാഷാപ്രതിരോധം, ബഹുസ്വരത,

# ഇസ്ലാമിക ഫെമിനിസം - വ്യവഹാരവും രാഷ്ട്രീയവും

**സലീന. എസ്**

അസി. പ്രൊഫസർ, ഗവ. വിക്ടോറിയ കോളെജ്, പാലക്കാട്

**പ്രബന്ധസംഗ്രഹം**

മതവും ഫെമിനിസവും തമ്മിലുള്ള ബന്ധത്തെ പുനർവിചിന്തനം ചെയ്യുന്ന വായനകൾ ഉണ്ടാകുന്ന ചരിത്രപശ്ചാത്തലത്തിലാണ് ഇസ്ലാമികഫെമിനിസത്തെപ്പറ്റിയുള്ള ചർച്ചകളും സംവാദങ്ങളും ഉണ്ടാകുന്നത്. ഇസ്ലാമിക ഫെമിനിസത്തിന്റെ വ്യവഹാര രീതികളെയും ഇസ്ലാംമതത്തിന്റെ അടിസ്ഥാന ഗ്രന്ഥമായ ഖുർആനിന്റെ പുനർവായനകളെയും വിശകലനം ചെയ്യുന്നു. ഖുർആൻ മൗലികമായി ശുദ്ധപാഠമാണ്. അതുകൊണ്ടുതന്നെ ഖുർആനിന്റെ സ്ത്രീപക്ഷ വായനകൾ സാധ്യമാണ്. വ്യാഖ്യാനഭേദങ്ങളാണ് സ്ത്രീപക്ഷ ആധികാരിക വ്യവസ്ഥിതിയുടെ ദർശനമായി ഇസ്ലാമിക മൂല്യങ്ങളെ വ്യവസ്ഥപ്പെടുത്തുന്നത്.

**താക്കോൽവാക്കുകൾ**: ഇസ്ലാമിക ഫെമിനിസം, ഖുർആൻ പുനർവായന, ചരിത്ര സന്ദർഭം, സ്ത്രീപക്ഷ ഇസ്ലാം,

# പാലയും പനയും ചുരത്തും മാതൃഭാവങ്ങൾ

**പ്രിയാ നാരായണൻ**

എച്ച്. എസ്. എസ്. ടി. മലയാളം, ഗവ. തമിഴ് എച്ച് എസ്സ് എസ്സ്, ദേവികുളം, ഇടുക്കി

## പ്രബന്ധസംഗ്രഹം

മനുഷ്യസംസ്കാരം രൂപമെടുത്തിട്ടുള്ളത് നിരവധി ഘടകങ്ങളിൽകൂടിയാണ്. അത്തരം സംസ്കാരത്തിന്റെ ഭാഗമായി കിടക്കുന്ന ഒന്നാണ് ആരാധന. ആദിസംസ്കാരം മുതൽ പ്രകൃതി മനുഷ്യന്റെ ആരാധനയിൽ ഇടം പിടിച്ചിട്ടുണ്ട്. പ്രകൃതിയിൽ അഭയം കണ്ടെത്തിയപ്പോൾ മാതൃസ്ഥാനത്ത് പ്രതിഷ്ഠിച്ച് ആരാധന തുടർന്നു. ആ മാതൃഭാവത്തിൽ തന്നെ ഘോര-സൗമ്യ രൂപങ്ങളുണ്ടായിരുന്നു. അതിലൊന്നാണ് യക്ഷി. ഉർവ്വരതയുടെയും സംരക്ഷണത്തിന്റെയും പ്രതീകമായിരുന്ന യക്ഷി എന്ന ദേവതയ്ക്ക് ക്രമേണ അർത്ഥഭേദവുണ്ടായി ഭീഷണമൂർത്തി എന്ന അർത്ഥം മാത്രമായിത്തീർന്നു. കേരളസംസ്കാരത്തിൽ യക്ഷിദേവതയുടെ സ്ഥാനം, ആരാധനാസമ്പ്രദായത്തിൽ വന്ന മാറ്റം, അർത്ഥഭേദത്തിനിടയായ സാഹചര്യങ്ങൾ എന്നിവ അന്വേഷണ വിധേയമാക്കുന്നതിന് ലേഖനത്തിലൂടെ ശ്രമിക്കുന്നു. സൗന്ദര്യാത്മക സങ്കല്പം എന്നതിൽ നിന്നും വ്യതിചലനം ഉണ്ടായത് എത്രത്തോളമെന്നതിനെക്കുറിച്ചും പഠനവിധേയമാക്കുന്നു.

**താക്കോൽ വാക്കുകൾ**: മാതൃദേവതാരാധന, ഉർവ്വരത, യക്ഷിസങ്കല്പം, ആരാധന, സംസ്കാരം, യക്ഷി-യക്ഷന്മാർ, മാതൃപ്രതീകം, പ്രേതാന്വേഷണം, പടയണി, സുന്ദരയക്ഷി, പ്രകൃത്യാരാധന, അമ്മദൈവങ്ങൾ

# നഗരവും നോവൽ ഭാവനയും - വി.എം. ദേവദാസിന്റെ'ചെപ്പും പന്തും' എന്ന നോവലിന്റെ വായന

**മുത്തു. കെ.**

അസി. പ്രൊഫസർ, തുഞ്ചൻ മെമ്മോറിയൽ ഗവ. കോളേജ്, തിരൂർ.

**പ്രബന്ധസംഗ്രഹം**

രണ്ട് കാലഘട്ടങ്ങളിലായി ഒരേ സ്ഥലത്ത് ജീവിച്ചവരും പരസ്പരബന്ധമില്ലാത്തവരുമായ രണ്ട് വ്യക്തികളുടെ ജീവിതകഥ സഞ്ചയിക്കുക എന്ന പരീക്ഷണത്തിനപ്പുറം ചെപ്പും പന്തും എന്ന നോവലിൽ ഇന്ത്യൻ നഗരങ്ങളുടെ സാംസ്കാരികമായ പരിവർത്തനങ്ങളുടെ സാധ്യത അന്വേഷിക്കുന്നു. നഗരവാസികളുടെ അന്യവത്കൃതവും ദുരന്തപൂർണ്ണവുമായ ജീവിതാവസ്ഥകളെ തികഞ്ഞ സ്വാഭാവികതയോടെ അവതരിപ്പിക്കുന്നു. സംസ്കാരത്തിന്റെ ഓരോ പരിണാമഘട്ടങ്ങളിലും സമൂഹത്തിൽ സംഭവിക്കുന്ന പരിവർത്തനങ്ങളിൽ ഹിംസാത്മകതയുടെ ഒരു മറുവശവും പ്രകടമാണ്. നവോത്ഥാനമുൾപ്പെടെയുള്ള ലിബറൽ ആശയപദ്ധതികളുടെ ഉപോൽപന്നങ്ങളെല്ലാം പിൽക്കാലത്ത് മർദ്ദന ഉപാധികളായി മാറിയിട്ടുണ്ട്. ഈ ആശയങ്ങളാണ് ചെപ്പും പന്തും എന്ന നോവലിനെ സജീവമാക്കുന്നത് എന്ന് ഈ ലേഖനം സമർത്ഥിക്കുന്നു.

**താക്കോൽ വാക്കുകൾ:** നഗരം, പുനർവായന, ആധുനികതാവാദം

# കളിയുംകാര്യവും

**ഡോ. ഡി. വി. അനിൽകുമാർ**

അസിസ്റ്റൻറ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളേജ്, കട്ടപ്പന

**പ്രബന്ധസംഗ്രഹം**

കുട്ടിക്കളികൾ വെറും കളികൾ മാത്രമല്ല, അവയ്ക്ക് പിന്നിൽ കാര്യവുമുണ്ട്. കുട്ടികളിൽ പിൽക്കാലത്ത് രൂപപ്പെടുന്ന സർഗാത്മകതയ്ക്ക് പിന്നിൽ പോലും കളികൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. കാൾഗ്രൂസ്, സിഗ്മണ്ട് ഫ്രോയിഡ് തുടങ്ങിയ ചിന്തകർ ഈ മേഖലയിൽ നടത്തിയ പഠനങ്ങൾ ഇത് സാധൂകരിക്കുന്നു.

**താക്കോൽവാക്കുകൾ:** കളി -സർഗാത്മകത - ഷില്ലർ, സ്പെൻസർ, കാൾ ഗ്രൂസ്, സിഗ്മണ്ട് ഫ്രോയിഡ്- കലയും ആനന്ദവും - കലയും ആസ്വാദനവും - ചോദനയും കളിയും - ഗ്രോസിന്റെ ആനന്ദ ഘട്ടങ്ങൾ - ഫ്രോയിഡും ലൈംഗികതയും - ആനന്ദതത്വവും തമാശയും കളികളും -കളിയും യാഥാർത്ഥ്യവും - സ്വപ്നവും ഫാന്റസിയും കളികളും

# അപരലോകത്തെ പ്രേമഭാജനങ്ങൾ

**ഡോ. സരിത. കെ. ആർ**

കോളത്ര, കാർത്തികപ്പള്ളി പി ഒ, ആലപ്പുഴ

**പ്രബന്ധ സംഗ്രഹം**

മലയാളനോവൽ ആരംഭഘട്ടം മുതൽ സാമൂഹികപ്രശ്നങ്ങളോട് സംവദിച്ചു കൊണ്ടാണ് വളർന്നത്. പലതരം ശ്രേണീബന്ധങ്ങളിലൂടെ കടന്നുപോകുന്ന ഒരു സമൂഹത്തിൽ സ്ത്രീകളുടെ നില എന്തായിരുന്നു എന്ന അന്വേഷണത്തിനപ്പുറം, പുതിയ സ്ത്രീത്വമാതൃകകളുടെ നിർമ്മിതിയിൽ ചില പരീക്ഷണങ്ങളൊക്കെ നടന്നിരുന്നു. എന്നാൽ നവോത്ഥാനകാലഘട്ടത്തിൽ ശക്തരായ സ്ത്രീനോവലിസ്റ്റുകൾ കടന്നുവന്നതോടെ, പുരുഷൻമാരായ നോവലിസ്റ്റുകൾ വരച്ചിട്ട ആദർശസ്ത്രീമാതൃകകളിൽ നിന്ന് ഭിന്നരായ, തലച്ചോറും യുക്തിചിന്തയും പ്രതികരണശേഷിയുമുള്ള സ്ത്രീത്വമാതൃകകൾ സൃഷ്ടിക്കപ്പെട്ടു. ലളിതാംബിക അന്തർജ്ജനത്തിന്റെ 'അഗ്നിസാക്ഷി' എന്ന നോവലിനെ സാമാന്യമായും കെ. സരസ്വതിയമ്മയുടെ 'പ്രേമഭാജനം' എന്ന നോവലിനെ വിശദമായും പഠിച്ചു കൊണ്ട് നവോത്ഥാന ഘട്ടത്തോടെ ഉരുത്തിരിഞ്ഞുവന്ന ആധുനികസ്ത്രീത്വനിർമ്മിതിയുടെ സവിശേഷതകൾ എന്തെന്ന് വിശദീകരിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

**താക്കോൽ വാക്കുകൾ:** നവോത്ഥാന ഘട്ടം, സ്ത്രീ പ്രതിനിധാനം, കന്യകാത്വം, മാതൃത്വം, പാതിവ്രത്യം, ലൈംഗികത, വസ്ത്രത്തിന്റെ രാഷ്ട്രീയം, സ്ത്രീ വ്യക്തിത്വം

# ഭാഷയുടെ ഫോക്‌ലോർവൽക്കരണം —അധ്വാനത്തിന്റെ നിശ്ചലതയും കൗതുകവൽക്കരണവും

**ഡോ. ബി. ആർ. സുമേഷ്**

എഴുത്തുകാരൻ

**പ്രബന്ധസംഗ്രഹം**

ഇന്നിന്റെ വേരുകളാണ് ഫോക് ലോറുകൾ. എന്നാൽ കമ്പോളത്തിന്റെ സാംസ്കാരിക അധിനിവേശം കൃത്രിമമായി ഫോക് ലോറുകളെ സൃഷ്ടിക്കുന്നുണ്ട്. സാമ്പത്തികവും സാംസ്കാരികവുമായ അജണ്ട അതിനു പിന്നിലുണ്ട്. അത് നമ്മുടെ ഭാഷയെ, അധ്വാനത്തെ, ജീവിതത്തെ തന്നെയും ഫോക് ലോർ വൽക്കരിക്കുന്നു. ഉൽപാദന മേഖലയായ കൃഷി ഏറ്റവും കൂടുതൽ ഫോക് ലോർവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഒന്നാണ്. ഇവിടെ എല്ലാം നിയന്ത്രിക്കുന്ന അധീശശക്തിയായി കമ്പോളം മാറുന്നു. അത് ഭാഷാവ്യവഹാരങ്ങൾക്കുള്ളിലെ സാമൂഹ്യയാഥാർത്ഥ്യത്തെ മറച്ചു പിടിക്കുകയും യഥാർത്ഥജീവിതത്തെ, അധ്വാനത്തെ നിശ്ചലമായ വിനോദോപാധിയാക്കി പുതിയ സാമൂഹ്യക്രമം സൃഷ്ടിക്കുകയും ചെയ്യുന്നു.

**താക്കോൽവാക്കുകൾ:** ഫോക് ലോർവൽക്കരണം, അധ്വാനം, കൗതുകവൽക്കരണം, പെര, സാംസ്കാരികാസ്തിത്വം, ഉൽപാദനം, വിപണി, അധീശത്വവ്യവഹാരം, മട്ടുപ്പാവ്കൃഷി

# നാട് നഷ്ടപ്പെട്ടവരുടെ ദീർഘനിശ്വാസങ്ങൾ

**ഡോ.ബിൻസി. സി.ജെ**

മലയാളവിഭാഗം, ന്യൂമാൻ കോളേജ്, തൊടുപുഴ

**പ്രബന്ധസംഗ്രഹം**

ജനിച്ചുവളർന്ന സാഹചര്യത്തിൽ നിന്നും പലവിധ കാരണങ്ങളാൽ മറ്റൊരു സ്ഥലത്തേയ്ക്ക് പറിച്ചു നടപ്പെടേണ്ടി വരുന്ന മനുഷ്യാവസ്ഥയാണ് പ്രവാസം. പ്രവാസം മനുഷ്യചരിത്രത്തിന്റെ ഭാഗമായതിനാൽ തന്നെ അതിനു പലഘട്ടങ്ങളുണ്ട്. ഗ്രാമങ്ങളിൽ നിന്ന് തൊഴിലന്വേഷിച്ച് നഗരങ്ങളിലേക്കു കുടിയേറിയ തൊഴിൽ പ്രവാസിയുടെ സംഘർഷങ്ങളാണ് കെ. വി. പ്രവീണിന്റെ 'ജാക്ക്പോട്ട്' എന്നകഥയിൽ ചർച്ചചെയ്യുന്നത്. ആൾക്കൂട്ടത്തിനിടയിലെ ഏകാന്തതയും നിലനിൽപ്പിനുവേണ്ടിയുള്ള നിലവിളിയും ഈ കഥയിൽ കാണാം.

**താക്കോൽവാക്കുകൾ:** പ്രവാസം, നഗരവൽക്കരണം, സ്വത്വം, അതിജീവനം, സംഘർഷം